പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ വാർഷിക അവലോകനം

56 (T1454) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഒന്നും രണ്ടും മൂന്നും വാർഷിക പദ്ധതി തുക എത്ര വീതമായിരുന്നു ; ഓരോ വർഷവും ചെലവാക്കിയ തുക എത്ര ; ലക്ഷ്യമിട്ടതിന്റെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി ;

(ബി) ഓരോ പദ്ധതി കാലത്തും ലക്ഷ്യമിട്ട വളർച്ചാനിരക്ക് എത്ര ; കൈവരിച്ച വളർച്ചാനിരക്ക് എത്രയായിരുന്നു ;

(സി) ആളോഹരി വരുമാനം, ഓരോ പദ്ധതി കാലത്തും എത്രയായിരുന്നു ;

(ഡി) ഓരോ പദ്ധതി കാലത്തേയും ബഡ്ജറ്റ് കമ്മിയെ സംബന്ധിച്ച് വിശദമാക്കാമോ;

(ഇ) ഓരോ പദ്ധതി കാലത്തും നികുതി വിഹിതം ഉൾപ്പെടെയുള്ള കേന്ദ്ര വിഹിതം എത്രയായിരുന്നു ; അത് കുറവായിരുന്നോ ; വിശദമാക്കുമോ ?

ഉത്തരം

(എ) 12-ാം പഞ്ചവത്സര പദ്ധതിയുടെ ഒന്നും രണ്ടും മൂന്നും വാർഷിക പദ്ധതി തുക ചുവടെ ചേർക്കുന്നു :

വർഷം	അടങ്കൽ തുക (കോടിയിൽ)	ചെലവഴിച്ച തുക (കോടിയിൽ)	ശതമാനം
2012-13	14010	12181	86.94
2013-14	17000	13775	81.03
2014-15	20000	9819	49.10

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 2012-13, 2013-14 പദ്ധതി കാലത്തെ ധനകമ്മി (Fiscal Deficit) യഥാക്രമം (-)15002.46, (-)16944.12 കോടി രൂപയാണ്.

(ഇ) പദ്ധതിക്കാലത്തെ നികുതി വിഹിതം ഉൾപ്പെടെയുള്ള കേന്ദ്രവിഹിതം ചുവടെ ചേർക്കുന്നു :

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(തുക കോടിയിൽ)

	വർഷം		
	2012 -13	2013-14	2014-15 (31-12-2014 വരെയുള്ള താത്കാലിക കണക്ക്)
കേന്ദ്രനികുതി വിഹിതം	68140.65	7468.68	5786.49
കേന്ദ്രധനസഹായം	3021.53	4138.21	4965.46
ആകെ	9862.18	11606.89	10751.95

2012-13 പദ്ധതിക്കാലത്തെ അപേക്ഷിച്ച് 2013-14 പദ്ധതിക്കാലത്ത് കേന്ദ്ര വിഹിതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

പ്ലാനിംഗ് ബോർഡ്-നടപ്പ് വർഷത്തെ പദ്ധതി അവലോകനം

57 (1455) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) നടപ്പ് വർഷത്തെ പദ്ധതി പ്രവർത്തനം പ്ലാനിംഗ് ബോർഡ് അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വിവരിക്കാമോ ;

(ബി) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ എത്ര ശതമാനം ഓരോ വകുപ്പും 28-2-2015 വരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ബഡ്ജറ്റിൽ ലക്ഷ്യമിട്ട വരുമാനം ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉണ്ടായ കുറവെത്ര ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) നടപ്പുവർഷത്തെ പ്രഖ്യാപിത പദ്ധതികളിൽ എത്ര ശതമാനം ഈ വർഷം നടപ്പാക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നടപ്പ് വർഷത്തെ പദ്ധതി പ്രവർത്തനത്തിന്റെ നിർവ്വഹണ പുരോഗതി 2015 ജനുവരി 31 വരെ അവലോകനം ചെയ്തിട്ടുണ്ട്. അതിൻപ്രകാരം 42 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്.

(ബി) 28-2-2015 വരെ ഓരോ വകുപ്പും ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) 2014-15 സാമ്പത്തിക വർഷം അവസാനിച്ചെങ്കിൽ മാത്രമേ റവന്യു വരുമാനം സംബന്ധിച്ച് അന്തിമ വിലയിരുത്തൽ സാധ്യമാവുകയുള്ളൂ.

(ഡി) മുഴുവൻ പദ്ധതികളും നടപ്പാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly